കൂട്ടിക്കൊണ്ടുപോയി സംരക്ഷിക്കാൻ ആളില്ലാത്ത സ്ഥിതിവിശേഷം ഇപ്പോഴും നിലവിലുണ്ട്. പൂർണ്ണമായി രോഗവിമുക്തി നേടിയവരാണെങ്കിലും അവരെ ബാധിച്ചിരുന്ന രോഗങ്ങളുടെ പ്രത്യേകത്മൂലം ഇക്കൂട്ടർ വീട്ടിൽ പാർക്കുന്നത് കുടുംബത്തിലെ മറ്റംഗങ്ങളുടെ ഭാവിക്കു ദോഷകരമാണെന്ന തെറ്റായ ചിന്ത യാകാം ഈ അവസ്ഥയ്ക്കു കാരണം. സമൂഹത്തിന്റേയും ഗവൺമെൻറിന്റേയും സഹതാപവും സംരക്ഷണവും അർഹിക്കുന്ന ഈ രോഗവിമുക്തരെ പുനരധിവസിപ്പിക്കുന്നതിന് ഒരു പരിപാടി ആവിഷ്ക്കരിക്കുന്നതാണ്. ഇവർക്ക് താമസസൗകര്യവും തൊഴിൽ സൗകര്യവും സംരക്ഷണവും ഏർപ്പെടുത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇതിലേക്ക് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. 1986-87-ലേക്ക് ഈ പരിപാടിക്കുവേണ്ടി 25 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

തയ്യൽ ജോലിക്കാർക്ക് മൂലധനവായ്പ :

47. സ്ത്രീസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് പ്രധാന പ്രതിവിധി സ്വയംതൊഴിൽ വികസനമാണ്. ഏറ്റവും കൂടുതൽ ആളുകൾക്ക് സ്വയംതൊഴിൽ പ്രദാനം ചെയ്യുവാൻ കഴിയുന്ന മേഖലകളിൽ തെരഞ്ഞെടുത്ത് അവയുടെ വികസനത്തിനും തൊഴിൽ ഭദ്രതയ്ക്കും ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കുവാനും നടപ്പിലാക്കുവാനും നമുക്ക് സാധിച്ചാൽ ഈ ലക്ഷ്യ പ്രാപ്തിക്ക് അതു സഹായകരമായിരിക്കും. ആയിരക്കണക്കിന് പെറുപ്പുക്കാർക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്ക്, ജോലി നൽകുന്ന ഒരു രംഗമാണ് തയ്യൽ. പരമ്പരാഗതമായി ഈ തൊഴിലെടുക്കുന്നവർക്ക് പുറമേ, സംയോജിത ഗ്രാമവികസന പരിപാടി പ്രകാരം തയ്യൽ യന്ത്രങ്ങൾ ലഭിച്ച നിരവധിപേർ ഇപ്പോൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവരെയെല്ലാം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാനും ആവശ്യമായ മൂലധനം നൽകി അവരുടെ പ്രവർത്തനമേഖല നവീകരിക്കുവാനും കഴിഞ്ഞാൽ ഒരു തൊഴിൽ എന്ന നിലയിൽ തയ്യൽ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഇനിയും വളരെപ്പേർക്ക് അവിടെ തൊഴിൽ ഭദ്രത കണ്ടെത്തുന്നതിനും കഴിയുന്നതാണ്. അതിലേക്ക് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, താലൂക്ക്, പഞ്ചായത്തു തലങ്ങളിൽ തയ്യൽ ജോലി ചെയ്യുന്നവരുടെ ഓരോ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതും പ്രസ്തുത സംഘങ്ങളിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെൻറ് ഓഹരി മൂലധനം മുടക്കുന്നതുമാണ്. അതിലേക്ക് 10 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

ജീവിതക്ലേശമനുഭവിക്കുന്ന മുൻ ജൻമിമാർക്ക് ആശ്വാസം :

48. കേരള കൃഷിപരിഷ്ക്കരണ നിയമവ്യവസ്ഥ പ്രകാരം കുടിയാന് ലഭിച്ച സ്ഥിരാവകാശത്തെത്തുടർന്ന് ഭൂമി നഷ്ടപ്പെട്ട വളരെ അധികം മുൻ ജൻമിമാർ ഇന്നു ദാരിദ്ര്യത്തിലും കഷ്ടതയിലും കഴിയുന്നുണ്ട്. ഒരു കാലത്ത് ഭൂവുടമകളായിരുന്നുവെങ്കിലും ഇപ്പോൾ നിർദ്ധനരായി കഴിയുന്ന ഇക്കൂട്ടർക്ക് ആശ്വാസം എത്തിച്ചുകൊടുക്കേണ്ടത് ആവശ്യമാണ്. ഭൂമി നഷ്ടപ്പെട്ട എല്ലാവരേയും സഹായിക്കുവാൻ ഗവൺമെൻറിന് ബാദ്ധ്യതയില്ല. എന്നാൽ ഏറ്റവും താഴേക്കിടയിൽ ജീവസന്ധാരണത്തിനുപോലും വിഷമിക്കുന്നവരെ സഹായിക്കേണ്ടതാവശ്യവുമാണെന്ന് ഗവൺമെൻറ് കരുതുന്നു. അതോടൊപ്പം കാർഷിക പരിഷ്ക്കരണ നിയമത്തിന്റെ ഫലമായി ഭൂമിയും ആദായവും നഷ്ടപ്പെട്ടതായിരിക്കണം ഇപ്പോഴത്തെ ദുരവസ്ഥയുടെ പ്രത്യക്ഷ കാരണം എന്നു തെളിയിക്കുകയും വേണം. 1986-87-ൽ ഇതിലേക്ക് ഒരു പരിപാടി നടപ്പാക്കുന്നതാണ്. ഇതനുസരിച്ച് :

LIBRARY ARCHIVES Kerala Legislative Assembly

(എ) മുകളിൽ വിവരിച്ച നിയമത്തിന്റെ ഫലമായി ഭൂമി നഷ്ടപ്പെട്ട് ഇപ്പോഴും 50 സെന്റ് സ്ഥലമോ അതിൽതാഴെയോ മാത്രം ഭൂമി കൈവശം അവശേഷിക്കുന്നവരും 3000 രൂപയിൽക്കൂടുതൽ പ്രതിവർഷം വരുമാനമില്ലാത്ത വരുമായ മുൻ ജന്മി കുടുംബങ്ങളിലെ 60 വയസ്സിനുമേൽ പ്രായമുള്ള കുടുംബനാഥന് പ്രതിമാസം 75 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതാണ്.

(ബി) അത്തരം കുടുംബങ്ങളിൽപ്പെട്ട സ്വയംതൊഴിൽ ചെയ്യുവാൻ താത്പര്യമുള്ള അഭ്യസ്തവിദ്യർക്ക് 50,000 രൂപ മുതൽമുടക്കുള്ള ഒരു വ്യവസായത്തിന് നിയമാനുസരണം നൽകാവുന്ന വായ്പത്തുകയിൽ കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ നാലു ശതമാനം സൗജന്യം പലിശ നിരക്കിൽ നൽകുന്നതാണ്. ഇതിലേക്ക് കെ. എഫ്. സി.ക്കു വരുന്ന നഷ്ടം ഗവൺമെന്റ് നികത്തിക്കൊടുക്കുന്നതായിരിക്കും.

(സി) കാർഷിക പരിഷ്ക്കരണ നിയമത്തിലെ നിബന്ധനകൾക്കു വിധേയമായി മിച്ചഭൂമി വിതരണം ചെയ്യുന്ന സന്ദർഭത്തിൽ അതു ലഭിക്കുവാൻ അർഹതയുള്ളവരുടെ പട്ടികയിൽ നിർദ്ധനരായ മുൻ ജന്മികളേയും ഉൾപ്പെടുത്തി അർഹരായവർക്ക് പ്രസ്തുത ഭൂമി നൽകുന്നതാണ്. മുകളിൽ പ്രഖ്യാപിച്ച ഏതെങ്കിലും ഒരു ആനുകൂല്യമേ ഒരു കുടുംബത്തിനു ലഭിക്കുവാൻ അർഹതയുണ്ടായിരിക്കൂ. ഈ പദ്ധതിക്ക് 50 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

തൊഴിൽരഹിത യുവാക്കൾക്ക് വ്യവസായ പദ്ധതി :

49. ബിരുദധാരികളും, സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരുമായ തൊഴിൽരഹിത യുവജനങ്ങൾക്ക് നിലവിലുള്ള സ്വയംതൊഴിൽ കണ്ടെത്തൽ പരിപാടികൾക്കു പുറമേ കൂടുതൽ മുതൽമുടക്കോടുകൂടിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുതകുന്ന വിപുലമായ ഒരു പുതിയ പദ്ധതി ആവിഷ്ക്കരിക്കേണ്ടത് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു. അതിനാൽ ഈ വിഭാഗത്തിൽപ്പെട്ട ശേഷിയും സന്നദ്ധതയുമുള്ള ഓരോ തൊഴിൽരഹിത യുവാവിനും വേണ്ടി ഒരുലക്ഷം രൂപയുടെ മൂലധനം വീതം സ്വരൂപിക്കാനുതകുന്ന ഒരു വ്യവസായ പദ്ധതി അടുത്തവർഷം നടപ്പിലാക്കുന്നതാണ്. തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന നിർദ്ദിഷ്ട യോഗ്യതയുള്ള യുവജനങ്ങളിൽനിന്ന് അഭിരുചി പരീക്ഷയും ഇൻറർവ്യൂവും നടത്തി ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വ്യവസായ സംരംഭകരെ ആയിരിക്കും ഈ പദ്ധതിക്കു കീഴിൽ കൊണ്ടുവരുന്നത്. ഈ പദ്ധതിയിൽ ചേരുന്ന യുവാക്കൾ തൊഴിലില്ലായ്മ വേതനത്തിന് അവർക്കുള്ള അവകാശം ഉപേക്ഷിക്കുന്നതായാൽ 5000 രൂപ ഗവൺമെന്റ് പലിശയില്ലാ ദീർഘകാല വായ്പയായി അവർക്ക് അനുവദിക്കുന്നതും ആ തുക നിർദ്ദിഷ്ട വ്യവസായ പദ്ധതിയിൽ അവർക്കു വേണ്ടി ഗവൺമെന്റ് മുടക്കുന്നതുമായിരിക്കും. അതോടൊപ്പം ഗുണഭോക്താവ് തന്റെ പ്രത്യേക വിഹിതമായി 5000 രൂപകൂടി ഇതിലേക്കു മുടക്കേണ്ടതാണ്. ഇപ്രകാരം ഗവൺമെന്റും ഗുണഭോക്താവുംകൂടി മുടക്കുന്ന 10,000 രൂപയുടെ മാർജിൻ മണി അടിസ്ഥാനമാക്കി തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ 10 ശതമാനവും, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 15 ശതമാനവും ഇടുക്കി, വയനാട് ജില്ലകളിൽ 25 ശതമാനവും നിരക്കിൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി അനുവദിക്കപ്പെടും. ഒരുലക്ഷം രൂപയുടെ വ്യവസായത്തിന് ഏറ്റവും കുറഞ്ഞ സബ്സിഡിയായ 10,000 രൂപ കൂട്ടിച്ചേർക്കുമ്പോൾ സംരംഭകന്റെ മൂലധനം ഏറ്റവും കുറഞ്ഞത് 20,000 രൂപയായി ഉയരുന്നു. ഇതിനുംപുറമേ ഇത്തരം വ്യവസായങ്ങൾക്ക് കേരള ഫൈനാൻഷ്യൽ കോർപ്പറേഷനിൽനിന്ന് 10,000 രൂപ ഒരു പ്രത്യേക മൂലധന

LIBRARY ARCHIVES Kerala Legislative Assembly